മരുന്നുകൊടുക്കുന്നതും ഐ.പി. കെട്ടിടത്തിലാണ്. ഒ.പി. കെട്ടിടം പണി പൂർത്തീകരിച്ചാൽ മാത്രമേ ഐ.പി. കെട്ടിടത്തിൽ സൗകര്യമുണ്ടാവുകയുള്ളൂ. നിലവിൽ അനുവദിച്ച തസ്തികകൾ 23 ആണ്. 24X7 പി.എച്ച്.സി. നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം

43 (4846) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം എന്ന് മുതലാണ് നടപ്പിലാക്കി തുടങ്ങിയത് ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതി എല്ലാ പി.എച്ച്.സി. കളിലും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013 മാർച്ചിലാണ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം കേരളത്തിൽ ആരംഭിച്ചത്.

(ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന നാല് മെറ്റബോളിക് ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലും ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

താഴെപ്പറയുന്ന നാല് രോഗങ്ങൾക്കുള്ള ടെസ്റ്റുകളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നത് :

1. കൺജെനിറ്റൽ ഹൈപ്പോ തൈറോയ്ഡിസം
2. കൺജെനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ

LIBRARY ARCHIVES Kerala Legislative Assembly

3. ഫിനെയിൽ കിറ്റോന്യൂറിയ

4. ജി 6 പി.ഡി. ഡെഫിഷ്യൻസി

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നാൽപ്പത്തിനാല് സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പി.എച്ച്. ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. പ്രത്യേകതരം ഫിൽറ്റർ പേപ്പറുകളിൽ ശേഖരിക്കുന്ന രക്തസാമ്പിളുകൾ പി.എച്ച്.ലാബുകളിൽ പരിശോധിച്ച് ആയതിന്റെ റിസൾട്ട് രക്തസാമ്പിളുകൾ ലഭിച്ച ആശുപത്രികളിലേയ്ക്ക് ഇ-മെയിൽവഴിയും ഫോൺ മുഖാന്തരവും അറിയിക്കുന്നു. റിസൾട്ട് പ്രകാരം കുഞ്ഞിന് അടിയന്തര ചികിത്സ ആശുപത്രികളിൽ നൽകുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളാലുണ്ടാകുന്ന ബുദ്ധിമാന്ദ്യം പോലുള്ള അവസ്ഥ ഒഴിവാക്കാൻ കഴിയും.

(സി) കേരളത്തിലെ പി.എച്ച്.സി.-കളിൽ ഇപ്പോൾ പ്രസവം നടക്കുന്നില്ല. ആയതിനാൽ പി.എച്ച്.സി.-കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

44 (4847) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2015-16 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ഡി) പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിയുള്ള അംഗീകാരം അടിയന്തരമായി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly